## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2550** 12.2.2020-ൽ മറുപടിയ്ക്ക്

### തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ

| | ചോദ്യം<br>ശ്രീമതി ഇ.എസ്.ബിജിമോൾ | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ), ബി) & സി) | തേക്കടി ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് അനുമതിക്കായി വനം വകുപ്പ് (പ്രോജക്ട് ടൈഗർ) ഡെപ്യൂട്ടി ഡയറക്ടർക്ക് ഇടുക്കി ഡി.റ്റി.പി.സി അപേക്ഷ നൽകിയിരുന്നു. പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ 1980 ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിലെ നിർവചന പ്രകാരം വനേതര ആവശ്യം ആയതിനാൽ വന സംരക്ഷണ നിയമ പ്രകാരമുള്ള മുൻകൂർ അനുമതി ആവശ്യമാണെന്നും ആയതിനാൽ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വെബ്സൈറ്റിൽ പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ ഭൂമി ഉപയോഗിക്കുന്നതിന് "പെർമിസ്സീവ് സാങ്ഷൻ" നൽകണമെന്ന് അഭ്യർത്ഥിച്ച് 20.12.2019 ൽ കേരള ഫോറസ്റ്റ് & വൈൽഡ് ലൈഫ് ഡയറക്ടർക്ക് ഇടുക്കി ഡി.റ്റി.പി.സി കത്ത് നൽകിയിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ആനവച്ചാൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്ന നടപടി കൾക്കായി ഇടുക്കി ഡി.റ്റി.പി.സി യേയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| ബി) | പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്ന നടപടികൾക്കായ് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കുമോ; | | |
| സി) | പ്രസ്തുത ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വനം വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള ഔദ്യോഗികമായ അറിയിപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ